# മൂലമറ്റം സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളി

ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്തിയ സഭാ വിശ്വാസികളായ തൊഴിലാളികൾക്കും ജീവനക്കാർക്കും ആരാധന നടത്തുന്നതിനുള്ള സൗകര്യം ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ സഭാ വിശ്വാസികൾ ഒത്ത് ചേർന്ന് അവർ താമസിക്കുന്ന മൂലമറ്റം, കുളമാവ് കോളനികളിലെ വാസസ്ഥലത്ത് സ്ഥാപിച്ച ദേവാലയമാണിത്.

ഇടുക്കി പ്രൊജക്ടിന്റെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയിരുന്ന ശ്രീ. ഇ.യു. പൗലോസിന്റെ ശ്രമഫലമായി 1965 ൽ ദേവാലയ നിർമ്മാണത്തിനാവശ്യമായ സ്ഥലം വാങ്ങുകയും ജോർജ്ജ് & ജോർജ്ജ് കമ്പനിയുടെ സഹകരണത്തോടെ 1966 ൽ പള്ളി പണി ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തു.

1968 ൽ പള്ളിക്കു സമീപം, മൂലമറ്റം ചക്കൻകുളത്ത് കളപ്പുരയിൽ ശ്രീ. മാത്യു ജോസഫ് ദാനമായി തന്ന സ്ഥലത്ത് ജോർജ്ജ് ആന്റ് ജോർജ്ജ് കമ്പനി പണിതു നൽകിയ കുരിശിന്റെ കൂദാശ 1971 ൽ പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുകയുണ്ടായി. ഇപ്പോൾ ഇവിടെ മാസത്തിൽ രണ്ട് ഞായറാഴ്ചകളിൽ വി. കുർബ്ബാന അർപ്പിച്ചു വരുന്നു.

വികാരി : റവ. ഫാ. ജോൺ സി. അബ്രാഹാം ചോളകത്തിൽ